# വട്ടംകുളം ഗ്രാമപഞ്ചായത്ത്

## പതിനൊന്നാം വാർഡ് (കാലടിത്തറ) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.

**<u>( 2018-2019</u>സാമ്പത്തികവർഷത്തിൽ 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 11 വരെ നടന്നിട്ടുള്ള പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട് -)**

**തയ്യാറാക്കിയത് : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ മലപ്പുറം ജില്ലാ യൂണിറ്റ്/പൊന്നാനി ബ്ലോക്ക്**

**സമർപ്പണം: പതിനൊന്നാം വാർഡ് ഗ്രാമസഭ മുമ്പാകെ.**

തൊഴിലുറപ്പ് പദ്ധതിയിൽ ആറുമാസത്തിലൊരിക്കൽ നടന്നിരിക്കേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി വട്ടംകുളം ഗ്രാമ പഞ്ചായത്തിന്റെ പതിനൊന്നാം വാർഡിൽ നടത്തിയ 2018-19 വർഷത്തിലെ ഒക്ടോബർ ഒന്നുമുതൽ  മാർച്ച് 11 വരെയുള്ള കാലഘട്ടത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് ആണിത്. കൂടുതൽ ചർച്ചകൾക്കും വിലയിരുത്തലിനും ഗ്രാമസഭയുടെ അംഗീകാരത്തിനുമായി  ഗ്രാമസഭയുടെ മുമ്പിൽ സമർപ്പിക്കുന്നു.

# ആമുഖം

ഭാരതത്തിലെ ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുനതിനു വേണ്ടി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 സെപ്തംബർ 5 നു പാർലമെന്റ് പാസ്സാക്കി.നിയമത്തിന്റെ പിൻബലമുള്ള അവകാശധിശാധിഷ്ടിത പദ്ധതിയാണിത്.സ്ത്രീക്കും പുരുഷനും തുല്യ വേതനംഉറപ്പു വരുതുന്നതിനോടൊപ്പം ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും 100 ദിവസത്തെ വേതനതോട് കൂടിയ അവിദഗ് ധ കായിക തൊഴിൽ ഈ നിയമം ഉറപ്പു വരുത്തുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്കിൽ പെട്ട വട്ടംകുളം ഗ്രാമപഞ്ചായത്ത് 2084 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതാണ്. വടക്ക് ആനക്കര പഞ്ചായത്തും കിഴക്ക് കപ്പൂർ ഗ്രാമ പഞ്ചായത്തും പടിഞ്ഞാറ് എടപ്പാൾ ഗ്രാമ പഞ്ചായത്തും തെക്കുഭാഗത്ത് കാലടി ഗ്രാമപഞ്ചായത്തും സ്ഥിതിചെയ്യുന്നു. 2011 സെൻസസ് പ്രകാരം 36205 പേർ ജീവിക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ 18160 പേർ സ്ത്രീകളും 18045 പേർ പുരുഷൻമാരുമാണ്.ആകെ 19വാർഡുകളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്.ഇതിൽ 11-ആം വാർഡായ കാലടിത്തറയാണ് സോഷ്യൽ ഓഡിറ്റ് പ്രക്രിയക്കായി തെരഞ്ഞെടുത്തത്.0.965 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള കൂരട വാർഡിലെ ആകെ ജനസംഖ്യ 2463ആണ്. പഞ്ചായത്തിന്റെ കിഴക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന കൂരട വാർഡിന്റെ തെക്ക് കിഴക്കേ അതിർത്തി കൊടക്കാട്ട് കുന്നും കിഴക്ക് ഭാഗത്തായി പറുവപ്പാടവും വടക്കുഭാഗത്ത് മദിരശ്ശേരി വാർഡും പടിഞ്ഞാറുഭാഗത്ത് അയിലക്കാട് റോഡും കിഴക്ക് ഭാഗത്ത് വനിതാ ഹോറെലും വെസ്റ്റ് വാർഡും ആണ് സ്ഥിതി ചെയ്യുന്നത്. വാർഡ് പൊതുവെ ജനവാസകേന്ദ്രങ്ങളായ നിരപ്പാർന്ന പ്രദേശങ്ങളും ,ചെറു ജല സ്രോതസ്സുകളും ചെറിയൊരു ഭാഗം വയലുകളും നിറഞ്ഞതാണ്. തെങ്ങാണ് വാർഡിലെ പ്രധാന കാർഷികവിള. കൂടാതെ വാഴ, പച്ചക്കറികൾ, കുറഞ്ഞ അളവിൽ നെല്ല് എന്നിവയും ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. വാർഡിൽ രണ്ടു അംഗൻവാടികൾ,മദ്രസ്സ,പോസ്റ്റ്ഓഫീസ് എന്നീ സ്ഥാപനങ്ങൾ പ്രാർത്തിയ്ക്കുന്നുണ്ട്.

## രീതി ശാസ്ത്രം

വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ(കാലടിത്തറ) സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ: 2019 ജൂലായ് 2 മുതൽ 11 വരെയാണ് കാലടിത്തറ വാർഡിൽ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായുള്ള വിശദമായ ഫയൽ പരിശോധനയും ഫീൽഡ് തല പരിശോധനകളും നടക്കുന്നത്.2018 ഒക്ടോബർ ഒന്നിനു ശേഷം നടന്നിട്ടുള്ള പ്രവർത്തികൾ മാത്രമാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിരിക്കുന്നത്. വട്ടംകുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, പ്രസിഡണ്ട് ശ്രീമതി ശ്രീജ പാറയ്ക്കൽ,,വാർഡ് മെമ്പർ ശ്രീമതി. പ്രീത ബാബു ,തൊഴിലുറപ്പ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ എന്നിവരെല്ലാം തന്നെ സോഷ്യൽ ഓഡിററ് പ്രക്രിയയ്ക്ക് വളരെയധികം സഹായകരമായ നിലപാടാണ് സ്വീകരിച്ചത്. കൂടാത ജെപിസി ,ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, ജോയിന്റ്ബി.ഡി.ഒ എന്നീ ഉദ്യോഗസ്ഥന്മാരുടെയും പൂർണ പിന്തുണ സോഷ്യൽ ഓഡിറ്റിന് ഉണ്ടായിരുന്നു. ഫീൽഡ് പ്രവർത്തനങ്ങൾക്ക് മേറ്റ്മാരായ ശ്രീമതി പത്മിനി, ശ്രീമതി ബിന്ദുഎന്നിവർ അവരുടെ സമയവും അറിവും അധ്വാനവും സ്വമേധയാ നൽകിയിട്ടുണ്ട്. വ്യക്തിജീവിതത്തിലെ പ്രതിസന്ധികൾക്കിടയിലും ഇതിനു സമയം കണ്ടെത്തിയ മേറ്റുമാരുടെ സമീപനം പ്രത്യേകം സ്മരിക്കുന്നു. വാർഡ് മെമ്പർ ശ്രീമതി.പ്രീത ബാബു ,അവരുടെ അറിവുകളും സമയവും സോഷ്യൽ ഓഡിറ്റിനു വേണ്ടി നൽകിയിരുന്നു.. വർക്ക് ഫയലുകളുടെയും രജിസ്റ്ററുകളുടെയും വിശദമായ പരിശോധന, പ്രവർത്തി നടന്നിട്ടുള്ള സ്ഥലങ്ങളുടെ നേരിട്ട് ചെന്ന് വിശദമായ പരിശോധന, വീടുവീടാന്തരം കയറിയിറങ്ങിയുള്ള ഗുണഭോക്താക്കളുമായുള്ള അഭിമുഖങ്ങൾ, അങ്ങനെ വിശദമായ പ്രവർത്തനങ്ങളാണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നിട്ടുള്ളത്.

## തൊഴിലുറപ്പ്നിയമം തൊഴിലാളികൾക്ക് ഉറപ്പ്നൽകുന്ന പത്ത് അവകാശങ്ങൾ

1. തൊഴിൽകാർഡിനു അപേക്ഷിക്കുവാൻ ഉള്ള അവകാശം
2. അപേക്ഷിച്ച്15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് റസീത് ലഭിക്കുന്നതിനും ഉള്ള അവകാശം.
3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ള ദിവസങ്ങളിൽ 1/2)
4. ഷെൽഫ്ഓഫ് പ്രോജകറ്റ് തയ്യാറാക്കുവാനുള്ള അവകാശം.
5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന്റെ 10% അധികംലഭിക്കുവാനുള്ള അവകാശം

6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം ഇവലഭിക്കുന്നതിനുള്ള അവകാശം.
7. 15 ദിവസത്തിനുള്ളിൽ വേതനംലഭിക്കുന്നതിനുള്ള അവകാശം.
8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.
9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

## വട്ടംകുളം ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ തൊഴിലുറപ്പ് പദ്ധതി

കൂരട വാർഡിൽ ആകെ 170 തൊഴിലാളികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. 54 കുടുംബങ്ങളാണ് തൊഴിൽ കാർഡ് കൈപ്പറ്റിയിട്ടുള്ളത്.ഇതിൽ 30 ഓളം സജീവ തൊഴിലാളികലുണ്ടായിരുന്ന വാർഡിൽ നിലവിൽ 12 സജീവ തൊഴിലാളികൾ മാത്രമാണുള്ളത്.പലതരത്തിലുള്ള അസുഖങ്ങൾ മൂലവും പ്രായാധിക്യം മൂലവും തൊഴിലാളികളുടെ എണ്ണം കുറയുന്നതിന് കാരണമായി. തൊഴിലാളികൾ കടുതലായി ആവശ്യം വരുന്ന പ്രവര്ത്തികളിൽ മറ്റു വാർഡുകളിലെ തൊഴിലാളികൾ ഈ വാർഡിൽ വന്നു തൊഴിൽ ചെയ്യാറുണ്ട്. ഈ വാർഡിൽ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ നടപ്പിലാക്കിയിട്ടുള്ള 8 പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

## പദ്ധതിയുടെ നടത്തിപ്പ് തല സംവിധാനങ്ങൾ

തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വാർഡ് തലത്തിലുള്ള തൊഴിലാളികളും മേറ്റുമാരും കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഓഫീസിലെ തൊഴിലുറപ്പു വിഭാഗത്തിലെ ജീവനക്കാരായ ഒരു അക്രെഡിറ്റഡ് എഞ്ചിനീയറും (ശ്രീമതി അനുഷ) ഓവർസിയറും (ശ്രീമതി രേഖ ) രണ്ട് ഡി.ഇ.ഒ /അക്കൗണ്ടന്റുമാരും (ശ്രീമതി വസന്ത,ശ്രീമതി ശ്വേത) ഇതുകൂടാതെ വാർഡ് തലത്തിൽ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി വാർഡ് മെമ്പർ ശ്രീമതി.പ്രീത ബാബു വാർഡിലെ 7 അംഗങ്ങലുള്ള വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾ എന്നിവരുമുണ്ട്.

# പ്രവൃത്തിയെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | വർക്ക് കോഡ് | പ്രവൃത്തിയുടെ പേര് | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി അവസാനിച്ച തീയതി | തൽ സ്ഥിതി | അവിദഗ്ധ തൊഴിൽ വേതനം | വിദഗ്ധ തൊഴിൽ വേതനം | സാധന ഘടകം | ആകെ ചെലവ് | അവിദഗ്ധ തൊഴിൽ വേതനം | വിദഗ്ധ തൊഴിൽ വേതനം | സാധന ഘടകം | ആകെ ചെലവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1605010004/IF/273042 | ward 11 (കോഴിക്കൂട് നിർമ്മാണം - ഹസീന ) | 17/01/2019 | 02-04-19 | Completed | 3523 | 0 | 62651 | 66174 | 3252 | 10260 | 48932 board-2500 | 64944 |
| 2 | 1605010004/IF/283271 | ward 11 (കോഴിക്കൂട് നിർമ്മാണം - ലത ) | 15/01/2019 | | Completed | 3456 | 0 | 62544 | 66000 | 0 | 0 | 0 | 0 |
| 3 | 1605010004/IF/346729 | ward 11 (തൊഴുത്ത് നിർമ്മാണം - പ്രീത ബാബു) | 30/10/2018 | | Completed | 11058 | 17756 | 98774 | 132000 | 10340 | 17100 | 98773 board-2500 | 129214 |
| 4 | 1605010004/IF/347024 | ward 11 (SC വീട് നിർമ്മാണം - രാധ കാലടി തറ) | 11-01-18 | 23/11/2018 | Completed | 24390 | 0 | 0 | 24390 | 0 | 0 | 0 | 24390 |
| 5 | 1605010004/IF/350841 | ward 11 (ചെറുകിട കൃഷിക്കാരുടെ ഭൂമിയിൽ മണ്ണ്ജല സംരക്ഷണം ഘട്ടം 1) | 28/02/2019 | | Completed | 291145 | 0 | 0 | 291145 | 248499 | 0 | 0 | 248499 |
| 6 | 1605010004/IF/367916 | ward 11 (ലൈഫ് ഭവനപദ്ധതി - Phase II - വസന്ത കാലടി തറ) | 16/10/2018 | | On Going | 24390 | 0 | 0 | 24390 | 16302 | 0 | 0 | 16802 |
| 7 | 1605010004/IF/374760 | ward 11 (കിണർ റീച്ചാർജിംങ് - ഇബ്രാഹിം വീട്ടിലായിൽ) | 12-11-18 | 02-04-19 | Completed | 722 | 1346 | 5405 | 7473 | 542 | 1868 | 5405 | 7815 |
| 8 | 1605010004/RC/269475 | ward 11 (കാലടി തറ വെള്ളാട്ടുപടി റോഡ് കോൺക്രീറ്റിംങ്) | 26/02/2019 | | Completed | 4443 | 294 | 52713 | 57450 | 4336 | 4500 | 52712 board-3500 | 65048 |

**7 രജിസ്റ്റർ പരിശോധന സംബന്ധിച്ച്.**

- തൊഴിൽ കാർഡ് രജിസ്റ്ററിൽ 2018- 2019 സാമ്പത്തിക വർഷം വരെ തൊഴിലിനു അപേക്ഷിച്ചവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- .തൊഴിൽ കാർഡ് വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ 2018-ൽ 22 പേർക്ക് തൊഴിൽ കാർഡ് നൽകിയതായി കാണാൻ കഴിഞ്ഞു. .
- വർക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ പതിനൊന്നാം വാർഡിലെ കിണർ റീച്ചാർജിംഗ്,എസ് സി ഭവന നിർമ്മാണം,ചെറുകിട കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം,ലൈഫ് ഭവന നിർമ്മാണം എന്നീ പ്രവർത്തികളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയതായി കാണുന്നുള്ളൂ.
- തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ അനുവദിച്ച വിവരങ്ങളും തൊഴിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- പരാതി രജിസ്റ്ററിൽ2018-19 സാമ്പത്തിക വർഷത്തിൽ ഒരു പരാതിയും അതിനു പഞ്ചായത്തിൽ നിന്നും നൽകിയ മറുപടിയും രേഖപ്പെടുത്തിയിട്ടുണ്ട്.
- മെറ്റീരിയൽ രജിസ്റ്ററിൽ 2018-19 സാമ്പത്തിക വർഷത്തെ വാർഡിൽ ചെയ്ത 5 മെറ്റീരിയൽ പ്രവർത്തികളുടെ സാധന ഘടകങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- സ്ഥിര ആസ്തി രജിസ്റ്ററിൽ 2018-19 സാമ്പത്തിക വർഷത്തിലെ എസ് സി ഭവന നിർമ്മാണം-രാധ കാലടിത്തറ (IF/347024)എന്ന പ്രവൃത്തിയുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
- തൊഴിലുറപ്പ് വിഭാഗത്തിനായി പ്രത്യേകം ഗ്രാമസഭ രെജിസ്റ്റെർസൂക്ഷിച്ചിട്ടില്ല.തൊഴിലുറപ്പ് ഗ്രാമസഭകളുടെ വിവരങ്ങൾ പഞ്ചായത്തിലെ ഗ്രാമസഭ രെജിസ്റ്റെരിലാണ് എഴുതി സൂക്ഷിയ്ക്കാരുള്ളത് എന്നാണ് തൊഴിലുറപ്പു ഉദ്യോഗസ്ഥരിൽ നിന്നും അറിയാൻ സാധിച്ചത്.

പഞ്ചായത്തിൽ പരിശോധിച്ച ,ഗ്രാമസഭ , സ്ഥിര ആസ്തി രജിസ്റ്ററുകളും കാലാനുസ്രതമായി പുതുക്കിയിട്ടില്ല.

## വർക്ക് ഫയലുകൾ

ഇരുപത് പ്രവർത്തികളുടെ വർക്ക് ഫയൽ പരിശോധിച്ചപ്പോൾ , Annual Master Circular അദ്ധ്യായം -7 പ്രകാരം ഒരു വർക്ക് ഫയലിൽ ഉണ്ടായിരിക്കേണ്ട 22 –രേഖകളിൽ 8 പ്രവർത്തികളിലും 13-രേഖകൾ കാണാൻ കഴിഞ്ഞു.

ഫയലിൽ ലഭ്യമല്ലാത്ത രേഖകൾ

ചെക്ക് ലിസ്റ്റ്,ആക്ഷൻ പ്ലാൻ ,തൊഴിലിനുള്ള അപേക്ഷ,പ്രവർത്തി അനുവദിച്ചുകൊണ്ടുള്ള സാക്ഷ്യപത്രം , എഫ് ടി ഒ,സൈറ്റ് ഡയറി സാധനങ്ങൾക്ക്

ടെണ്ടർ വിളിച്ചതിന്റെ വിവരങ്ങൾ,ടെണ്ടർ അംഗീകരിച്ചു കൊണ്ടുള്ള ഭരണ സമിതി തീരുമാനത്തിന്റെ വിവരങ്ങൾ,,റോയൽറ്റി, ജിയോ ടാഗുള്ള ഫോട്ടോകൾ , സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

**കവർ പേജ്.**

- പരിശോധിച്ച 8 ഫയലുകളിൽ 6 ഫയലുകളിലും കവർ പേജിലെ വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.
- 2 ഭവന നിർമ്മാണ പ്രവൃത്തികളുടെ (1605010001/IF/367916 , 1605010003/IF/347024) ഫയലുകളിൽ എ എം സി പ്രകാരമുള്ള കവർ പേജ് കാണുവാൻ സാധിച്ചില്ല.
- കവർ പേജിൽ വർക്കിന്റെ പേര് ,വർക്ക് കോഡ്,പഞ്ചായത്ത്,പ്രവൃത്തി സ്ഥലം,പ്രവൃത്തി ആരംഭിച്ച തീയതി,അവസാനിച്ച തീയതി ,അടങ്കൽ തുക, യഥാർത്ഥ ചിലവ് ,ഓവർസീയറുടെ ഒപ്പ് , എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- എന്നാൽ,പ്രവൃത്തിയുടെ വിഭാഗം,ജിയോ ടാഗ് സംബന്ധിച്ച വിവരങ്ങൾ സോഷ്യൽ ഓഡിറ്റ് വിവരങ്ങൾ എന്നിവ കാണുവാൻ സാധിച്ചില്ല.

**ചെക്ക് ലിസ്റ്റ്**

- പരിശോധിച്ച 8 ഫയലുകളിൽ ഒന്നും തന്നെ ചെക്ക് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

**ആക്ഷൻ പ്ലാൻ കോപ്പി**

- വട്ടംകുളം ഗ്രാമ പഞ്ചായത്തിൽ പരിശോധിച്ച 8 ഫയലുകളിൽ ഒന്നും തന്നെ ആക്ഷൻ പ്ലാനിന്റെ കോപ്പി സൂക്ഷിച്ചിട്ടില്ല.

**എസ്റ്റിമേറ്റ്**

- പരിശോധിച്ച 8 ഫയലുകളിലും എസ്റ്റിമേറ്റ് കോപ്പി ഉൾപ്പെടുത്തിയതായി കാണുവാൻ സാധിച്ചു.
- അബ്സ്ട്രാക്റ്റ് ഓഫ് എസ്റ്റിമേറ്റ് ,വിശദമായ എസ്റ്റിമേറ്റ് എന്നിവ എല്ലാ ഫയലുകളിലും ഉൾപ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളി-സാധന ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ,റേറ്റ്അനാലിസിസ്,ലീഡ്& ലിഫ്റ്റ് വിവരങ്ങൾ,ബോർഡിനെ സംബന്ധിച്ച വിവരങ്ങൾ എന്നിവ കൃത്യമായി ചേർത്തിട്ടുണ്ട്.
- വർക്ക് എസ്റ്റിമെടിൽ എ ഇ,ഓവർസീയർ എന്നിവരുടെ ഒപ്പ് ,സീൽ ,തീയതി എന്നിവ രേഖപ്പെടുതിയിട്ടില്ല.

**സാങ്കേതിക അനുമതി**

- പരിശോധിച്ച 8 ഫയലുകളിലും സാങ്കേതിക അനുമതിയുടെ കോപ്പി ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഭരണാനുമതി നമ്പർ ,തീയതി,എസ്റ്റിമേറ്റ് തുക,തൊഴിലാളി-സാധന ഘടകങ്ങൾ  എന്നിവ കൃത്യമായി രേഖപ്പെടുത്തി എ ഇ ,ഓവർസീയർ എന്നിവ ഒപ്പ്,സീൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

**ഭരണാനുമതി**

- പരിശോധിച്ച  ഫയലുകളിലെല്ലാം(8) ഭരണാനുമതിയുടെ പകർപ്പ് സൂക്ഷിച്ചിട്ടുണ്ട്..
- ഇതിൽ ഭരണാനുമതി നമ്പർ ,തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- പഞ്ചായത്ത് സെക്രട്ടറി ഒപ്പ് ,സീൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

**മസ്റ്റർറോൾ**

- പരിശോധിച്ച 8 ഫയലുകളിലും അവിദഗ്ദ-വിദഗ്ദ(5) തൊഴിലാളികളുടെ മസ്റ്റർ റോളുകൾ സൂക്ഷിച്ചിട്ടുണ്ട്.
- ബിഡിഒ,സെക്രട്ടറി,മസ്റ്റർ റോൾ പരിശോധിച്ച ഉദ്യോഗസ്ഥൻ ,മേററ് എന്നിവരുടെ ഒപ്പ് ,സീൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.
- മസ്റ്റർ റോളുകളിൽ എം ബുക്ക് നമ്പർ,പ്രവർത്തി ചെയ്ത തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളികളുടെ ഹാജർ വിവരങ്ങൾ,ഒപ്പ്,ഒരു ദിവസത്തെ വേതനം,ആകെ വേതനം, ആയുധങ്ങൾ മൂർച്ച കൂട്ടുന്നതിനുള്ള വാടക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- സെക്രട്ടറി,ബി ഡി ഒ എന്നിവർ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല.

**വേജ് ലിസ്റ്റ്**

- ഫയലുകളിൽ എംഐഎസ് ഇൽ നിന്നും ഉള്ള വേജ് ലിസ്റ്റ് ആണ് സൂക്ഷിച്ചിട്ടുള്ളത്.
- ഭവന നിർമ്മാണ പ്രവർത്തിയുടെ രണ്ടു ഫയലുകളിലും കിണർ റീചാർജിംഗ് പ്രവർത്തിയുടെ ഫയലുകളിലും വേജ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
- അവിദഗ്ദ,വിദഗ്ദ്ധ/അർദ്ധ വിദഗ്ദ തൊഴിലാളികളുടെ വേജ് ലിസ്റ്റുകൾ പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.

## എഫ്.ടി.ഒ

- 8 ഫയലുകളിലും മസ്റ്റർറോളിനോട് ചേർന്ന് എഫ് ടി ഒ യുടെ നമ്പർ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിരിയ്ക്കുന്നത്.
- സാധന ഘടകങ്ങൾ ഉള്ള വർക്കുകളിൽ തൊഴുത്ത് നിർമ്മാണം ,കിണർ റീചാർജിംഗ് എന്നീ പ്രവർത്തികളിൽ സാധനങ്ങളുടെ തുകയ്ക്ക് തുല്യമായ എഫ് ടി ഒ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ കോഴിക്കൂട് നിർമ്മാണത്തിന്റെ ഫയലുകളിൽ എഫ് ടി ഒ സൂക്ഷിച്ചിട്ടില്ല.

## ഡിമാൻഡ് ഫോം

വട്ടംകുളം ഗ്രാമ പഞ്ചായത്തിൽ പരിശോധിച്ച 8 ഫയലുകളിൽ ഒന്നും തന്നെ തൊഴിൽ ആവശ്യപ്പെട്ടു കൊണ്ടുള്ള തൊഴിലാളികളുടെ അപേക്ഷ സൂക്ഷിച്ചിട്ടില്ല

## വർക്ക് അലൊക്കേഷൻ ഫോം

പരിശോധിച്ച 8 ഫയലുകളിൽ ഒന്നും തന്നെ തൊഴിലാളികളുടെ തൊഴിലിനുള്ള അപേക്ഷ സ്വീകരിച്ചു പ്രവർത്തി അഗീകരിച്ചു കൊണ്ടുള്ള ഫോം ഉൾപ്പെടുത്തിയിട്ടില്ല.

## മസ്റ്റർ റോള് മൂവ്മെന്റ് സ്ലിപ്

- വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ പരിശോധിച്ച 8 വർക്ക് ഫയലുകളിൽ ഭാവന നിർമ്മാണത്തിന്റെ ഫയലിൽ ഒഴികെ മറ്റു പ്രവർത്തികളുടെ ഫയലുകളിലെല്ലാം മസ്റ്റർ റോള് മൂവ്മെന്റ് സ്ലിപ് സൂക്ഷിച്ചിട്ടുണ്ട്.
- ഇതിൽ മസ്റ്റർ റോള് നമ്പർ,ആരംഭിച്ച തീയതി,അവസാനിച്ച തീയതി,എം ഐ എസിൽ അളവ് വിവരങ്ങൾ രേഖപ്പ്ടുത്തിയ തീയതി ,എഫ് ടി ഒ ഫസ്റ്റ് സിഗ്നേട്ടറി,സെക്കന്റ് സിഗ്നേട്ടറി തീയതികൾ രേഖപ്പെടുത്തിയിട്ടുണ്ട്..

## മെറ്റീരിയൽ സംബന്ധിച്ച വിവരങ്ങൾ

- മെറ്റീരിയൽ വാർക്കിന്റ് 5 ഫയലുകലാണ് പരിശോധിച്ച്.ഫയലുകളിലെല്ലാം തന്നെ എം ഐ എസിൽ നിന്നും ഡൌൺലോഡ് ചെയ്ത മേടീരിയൽ ബില്ല് സൂക്ഷിച്ചിട്ടുണ്ട്.
- കിണർ റീ ചാർജിംഗ് പ്രവർത്തിയുടെ ഫയലിൽ ബിൽ വൗച്ചറുകൾ സൂഷിചിട്ടുണ്ട്.
- എന്നാൽ സാധന ഘടകങ്ങൾക്കു കൊട്ടേഷൻ വിളിച്ചതിന്റെ രേഖകൾ,കംപാരറ്റീവ് സ്റ്റേറ്റ്മന്റ്,പർച്ചേസ് ഓർഡർ എന്നിവയൊന്നും തന്നെ ഫയലുകളിൽ കാണുവാൻ സാധിച്ചില്ല.
- ബോർഡിന്റെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

## സംയോജിത പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ

2 ഭവന നിർമാണ പ്രവൃത്തികളുടെ (1605010001/IF/ 367912 ,1605010001/IF/347024) ഫയലുകളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ റുടെ സാക്ഷ്യപത്രം ചേർത്തിട്ടുണ്ട്.(അനുബന്ധം 1 )

## പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

- പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രം ഉൾപ്പെടുത്തിയിട്ടില്ല.

## എം ബുക്ക്

- പരിശോധിച്ച ഫയലുകളിൽ എല്ലാം തന്നെ എം ബുക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്.
- എം ബുക്കിൽ പ്രവൃത്തിയുടെ പേര്,എം ബുക്ക് നമ്പർ,പേജ് നമ്പർ,ഓവർസീയർ,അക്രെഡിറ്റ് എൻജിനീയർ എന്നിവരുടെ ഒപ്പ്,സീൽ,തീയതി എനിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- എം ബുക്ക് സെക്രട്ടറി സർട്ടിഫൈ ചെയ്തു ഒപ്പ്, സീൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- പ്രീ മെഷർമെന്റ് ,എ എസ്,ടി എസ് നമ്പർ,മാസ്റ്റർ റോള് നമ്പർ  എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
- അടങ്കൽ തുക,യഥാർത്ഥ ചെലവ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

## ഫോട്ടോഗ്രാഫ്

- പരിശോധിച്ച 4 ഫയലുകളിലാണ് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിലുള്ള ഫോട്ടോഗ്രാഫ്കാണുവാൻ സാധിച്ചത്.ഇതിൽ കോഴിക്കൂട് നിർമ്മാനതിന്റെ ഒരു ഫയലിൽ  (IF/283271) മാത്രമാണ് 2 ഘട്ടങ്ങളിൽ  ഉള്ള  ഫോട്ടോഗ്രാഫ് ഉൾപ്പെടുത്തിയിട്ടുള്ളത്.
- AMC പ്രകാരം ഒരു പ്രവർത്തിയുടെ  3 ഘട്ടങ്ങളിലുള്ള ഫോട്ടോഗ്രാഫ് ഫയലിൽ ഉള്പ്പെടുതെണ്ടാതുണ്ട്.

## ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്

- പരിശോധിച്ച ഫയലുകളിലോന്നും തന്നെ ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ് ഉൾപ്പെടുത്തിയിട്ടില്ല.

## സൈറ്റ് ഡയറി

- പരിശോധിച്ച ഫയലുകളിലോന്നും തന്നെ  സൈറ്റ്  ഡയറി ഉൾപ്പെടുത്തിയിട്ടില്ല ..

## കണ്ടെത്തലുകൾ

- പരിശോധിച്ച 8 ഫയലുകളിൽ എ എം സി പ്രകാരമുള്ള കവർ പേജ്,സാങ്കേതിക അനുമതി,ഭരണ അനുമതി,എസ്റ്റിമേറ്റ്,മസ്റ്റർറോള്,വേജ് ലിസ്റ്റ്,സംയോജിത പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ,എം ബുക്ക് ന്നീ രേഖകൾ കാണുവാൻ സാധിച്ചു. എന്നാൽ ചെക്ക് ലിസ്റ്റ്,ആക്ഷൻ പ്ലാൻ ,തൊഴിലിനുള്ള അപേക്ഷ,പ്രവർത്തി അനുവദിച്ചു കൊണ്ടുള്ള സാക്ഷ്യപത്രം , എഫ് ടി ഒ,സൈറ്റ് ഡയറി സാധനങ്ങൾക്ക് ക്വോട്ടേഷൻ വിളിച്ചതിന്റെ വിവരങ്ങൾ,ടെണ്ടർ അംഗീകരിച്ചു കൊണ്ടുള്ള ഭരണ സമിതി തീരുമാനത്തിന്റെ വിവരങ്ങൾ,റോയൽറ്റി, ജിയോ ടാഗ്ഗെട്ട് ഫോട്ടൊഗ്രാഫ് , സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി,പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രം എന്നീ രേഖകൾ കാണുവാൻ സാധിച്ചിട്ടില്ല.
- കോഴിക്കൂട് നിർമ്മാണ പ്രവർത്തി, (IF/273042,IF/273042),റോഡ് നിർമ്മാണ പ്രവർത്തി എന്നിവയിലെല്ലാം തന്നെ പ്രവർത്തിയുടെ സ്കെച്ച്,ഫയലിൽ സൂക്ഷിചിട്ടുണ്ട്.മാത്രമല്ല മസ്റ്റർ റോളുകളിൽ എം ബുക്കിന്റെ നമ്പരുകൾ രേഖപ്പെടുത്തിയാതായും കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇത് മാതൃകാപരമായ ഒരു പ്രവർത്തിയാണ്.
- ചെറുകിട കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം (IF/350841)എന്ന പ്രവർത്തിയിൽ പ്രവർത്തി നടന്ന സ്ഥലങ്ങളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.ഇത് മൂലം ഫീൽഡ് പരിശോധന സമയത്ത് പ്രവർത്തി സ്ഥലങ്ങൾ കണ്ടെത്തുന്നതിനു വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു.
- ഭൂവികസനം പോലുള്ള പ്രവർത്തികളിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ ,ചെയ്ത പ്രവർത്തിയുടെ അളവ് വിവരങ്ങൾ എന്നിവ ഫയലുകളിൽ സൂക്ഷിയ്ക്കുന്നത് പിന്നീടുള്ള ഓഡിറ്റ് പ്രവൃത്തികളിൽ പ്രവർത്തി ചെയ്ത സ്ഥലം മനസ്സിലാക്കുന്നതിനും അളവുകൾ രേഖപ്പെടുതുന്നതിനും സഹായകരമാവും.
- കോഴിക്കൂട് നിർമ്മാണം(IF/273042,IF/273042),തൊഴുത്ത് നിർമ്മാണം(IF/346729),ചെറുകിട കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം(IF/350841) എന്നീ പ്രവർത്തികളിൽ ഗുണഭോക്താക്കൾ തൊഴിൽ ചെയ്തിട്ടില്ല എന്നാണ് മാസ്റ്റർ റോള് പരിശോധനയിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത്.
- സിറ്റിസൻ ഇൻഫോർമേഷൻ ബോർഡിന്റെ ബില്ല് ഫയലുകളിൽ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല.
- പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ സൈറ്റ് ഡയറി ഉൾപ്പെടുത്തിയിട്ടില്ല.അതിനാൽ തന്നെ പ്രവൃത്തി സ്ഥല സൌകര്യങ്ങൾ ,സന്ദർശകരുടെ വിവരങ്ങൾ ,വിജിലെൻസ് ആൻഡ് മോനിടരിംഗ്

കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ ഇവയൊന്നും തന്നെ വർക്ക് ഫയലിൽ നിന്ന് ലഭ്യമായിട്ടില്ല.

## CIB യെ കുറിച്ചുള്ള വിവരങ്ങൾ

- പദ്ധതിയുടെ നടത്തിപ്പിന്റെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടി തൊഴിലുറപ്പിൽ സ്ഥാപിക്കാറുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് എല്ലാ സ്ഥലങ്ങളിലും കാണാൻ കഴിഞ്ഞില്ല.എന്നാൽ അതിനുള്ള ചെലവുകൾ വന്നതായി എസ്റ്റിമേറ്റ്,എം ബുക്ക് എന്നിവയിൽ നിന്നും മനസ്സിലാക്കാനും കഴിഞ്ഞു.
- പരിശോധിച്ച 8 പ്രവൃത്തികളിൽ കോഴിക്കൂട് നിർമ്മാണം(IF/346729,IF/273042),ചെറുകിട കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം (IF/350841)പ്രവൃത്തി സ്ഥലങ്ങളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞിട്ടുണ്ട്.
- കാലടിത്തറ-വെള്ളട്ടുപടി റോഡ് കോൺക്രീറ്റിംഗ് (RC/269475) എന്ന പ്രവർത്തിയിൽ 3500 രൂപയും തൊഴുത്ത് നിർമ്മാണ പ്രവർത്തിയിൽ 2500 രൂപയും ബോർഡിന് ചെലവ് വന്നതായി എം ബുക്കിൽ കാണിച്ചിട്ടുണ്ട്.എന്നാൽ പ്രവർത്തി സ്ഥലത്ത് ഇതുവരെയും ബോർഡ് സ്ഥാപിച്ചതായി കാണുവാൻ സാധിച്ചിട്ടില്ല.
- വാർഷിക മാസ്റ്റർ സർക്കുലർ അദ്ധ്യായം 10.6,11.7,13 ,തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾ 2 ചാപ്റ്റർ 22.4 എന്നിവ പ്രകാരം പ്രവൃത്തി സ്ഥലത്ത് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർബന്ധമായും സ്ഥാപിയ്ക്കണം എന്ന് പറയുന്നു.

## അവകാശ നിഷേധങ്ങൾ

❖ തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ

പ്രവർത്തി സ്ഥലത്ത് അപ്രതീക്ഷിതമായി എന്തെങ്കിലും അപകടങ്ങൾ ഉണ്ടായാൽ പ്രഥമ ശുശ്രൂഷ നൽകാൻ ഉള്ള സംവിധാനമായ ഫസ്റ്റ് എയ്ഡ് ബോക്സ് പ്രവർത്തി സ്ഥലത്ത് കാണാൻ കഴിഞ്ഞില്ല.

രണ്ടു വർഷത്തോളമായി പ്രവർത്തി സ്ഥലത്ത് പ്രഥമ ശുശ്രൂഷയ്ക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമായിട്ടില്ല എന്നാണ് തൊഴിലാളികളിൽ നിന്നും അറിയാൻ സാധിച്ചു

വേനൽക്കാലത്ത് തണൽ നൽകുന്നതിനുള്ള ടാർപ്പോളിൻ ഷീറ്റ്,മണ്ണിലും ചെളിയിലും പണിയെടുക്കുന്നതിനു ആവശ്യമായ ബൂട്ട്സ് ,ഗ്ലൗസ് എന്നിവയും ലഭ്യമായിട്ടില്ല.

എസ് സി- ബി പി എൽ പ്രവർത്തി നടന്നുകൊണ്ടിരിയ്ക്കുന്ന പ്രവർത്തി സ്ഥലത്ത് സന്ദർശനം നടത്തിയപ്പോൾ യാതൊരു വിധത്തിലുള്ള സുരക്ഷാ ഉപകരണങ്ങളും ഇല്ലാതെ ചെളിയിലും മണ്ണിലും പണി ചെയ്യുന്ന തൊഴിലാളികളെയാണ് കാണുവാൻ സാധിച്ചത്.നനഞ്ഞ മണ്ണിൽ പണി ചെയ്യുന്നത് മൂലം കാലിൽ മുറിവുകൾ ഉണ്ടായി,ചൊറിച്ചിൽ പോലുള്ള പല വിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങളുംഅനുഭവപ്പെടുന്നുണ്ട്എന്ന് ബിന്ദു (11/10),വസന്തകുമാരി(11/16 ),മാളു(11/51 ) എന്നീ തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

മാളു(11/51) എന്ന തൊഴിലാളിയ്ക്ക് ഐക്യപ്പാടം തോട് പുനരുദ്ധാരണ സമയത്ത് പൊടിയിലും മറ്റും പണിയെടുത്തതു മൂലം ചൊറിച്ചിൽ പോലുള്ള ആരോഗ്യ പ്രശ്നങ്ങൾ നേരിട്ടതായും ഇതിന്റെ ചികിൽസയ്ക്കു ഏകദേശം 1000 രൂപയോളം ചെലവ് വന്നതായും അറിയാൻ സാധിച്ചു.

ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ ഉപയോഗിയ്ക്കാൻ ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾക്ക് പല തവണ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അപേക്ഷിച്ചിരുന്നെങ്കിലും ഇതുവരെയും ഒരു തരത്തിലുള്ള നടപടികളും സ്വീകരിച്ചിട്ടില്ലെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾ 2, അദ്ധ്യായം 23, വാർഷിക മാസ്റ്റർ സർക്കുലറിലെ അധ്യായം 8-8.2 പ്രകാരം പ്രവർത്തി .സ്ഥലത്ത് വേണ്ടതായ അടിസ്ഥാന സൗകര്യങ്ങളായ പ്രഥമ ശുശ്രൂഷ കിറ്റ്,കുടിവെള്ളം,തണൽ സൗകര്യം,സുരക്ഷാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ (പഞ്ചായത്ത്)ഉത്തരവാദിത്തമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഈ നിയമത്തിന്റെ ലംഘനമാണ് ഇത് സൂചിപ്പിക്കുന്നത്.

## വിജിലൻസ് & മോണിറ്ററിംഗ് കമ്മറ്റി

വാർഡിൽ ഏഴു അംഗങ്ങൾ ഉൾപ്പെടുന്ന ഒരു വിജിലൻസ് ആൻഡ് മോനിറ്ട്ടരിംഗ് കമ്മിറ്റി ആണുള്ളത്.വാർഡ് മെമ്പർ,പാടശേഖര സമിതി അംഗങ്ങൾ,തൊഴിലാളികൾ എന്നിവർ ഈ കമ്മിററിയിൽ ഉൾപ്പെടുന്നു.പദ്ധതി ആരംഭ മീറ്റിംഗിൽ ഇവർ പങ്കെടുക്കാറുണ്ട് എന്നും പ്രവൃത്തി സ്ഥലത്ത് പരിശോധന നടത്താറുണ്ട് എന്നും അറിയാൻ സാധിച്ചു. പരിശോധിച്ച 8 ഫയലുകളിലും സൈറ്റ് ഡയറി ഉള്‍പ്പെടുത്താത്തതിനാൽ തന്നെ വിജിലൻസ് & മോണിട്ടറിംഗ് കമ്മറ്റിയിലെ അംഗങ്ങളുടെ വിവരങ്ങൾ തൊഴിലാളികളിൽ നിന്നുമാണ് മനസ്സിലാക്കാൻ സാധിച്ചത്.

## പരാതി പരിഹാര സംവിധാനം

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടു ഇതു തരത്തിലുണ്ടാകുന്ന പരാതികൾ രേഖപ്പെടുത്തുന്നതിനായി പഞ്ചായത്തിൽ പരാതി രജിസ്റ്റർ

സൂക്ഷിച്ചിട്ടുണ്ട്.ഇതോടൊപ്പം ഏതൊരാൾക്കും ഇത് സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിന് ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ടോൾ ഫ്രീ നമ്പർ (1800 425 1004 )ലഭ്യമാക്കിയിട്ടുണ്ട്.

## നിരീക്ഷണങ്ങൾ

- മേറ്റ്മാരെ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ
  - പദ്ധതിയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്ന രണ്ട് മേറ്റുമാരാണ് വാർഡിൽ ഉള്ളത് ഉള്ളത്. പത്മിനി, ബിന്ദു എന്നിവർ. വളരെയധികം കഴിവുറ്റ ആളുകളായാണ് ഇവരെപ്പറ്റി മനസ്സിലാക്കാൻ കഴിഞ്ഞത്. ആവശ്യമായ പരിശീലനങ്ങളും പിന്തുണയും നൽകിയാൽ ഇവരുടെ സേവനം വാർഡിലെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് വലിയ മുതൽക്കൂട്ടായിരിക്കും. തൊഴിലുറപ്പ് നിയമം, പരിസ്ഥിതി സംരക്ഷണം, നീർത്തടാതിഷ്ഠിത വികസന സമീപനം എന്നിവയിൽ മേറ്റ്മാർക്ക് പ്രാഥമികമായ പരിജ്ഞാനം ഉണ്ടാവുന്നത് വാർഡിനെ സംബന്ധിച്ചിടത്തോളം ഏറെ ഗുണകരമായിരിക്കും.
- തൊഴിൽകാർഡ് പരിശോധന തൊഴിലാളികളുമായി സംസാരിച്ചതിൽ നിന്നും മനസ്സിലാക്കിയ വസ്തുതകൾ
  - വാർഡിലെ തൊഴിലാളികളെ നേരിൽ കണ്ടു അവരുടെ തൊഴിൽകാർഡും അവരുടെ ബാങ്ക് പാസ്സ്ബുക്കും പരിശോധനക്ക് വിധേയമാക്കിയിരുന്നു. ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞതനുസരിച്ച് തൊഴിൽ കാർഡ് തൊഴിലാളികൾ തന്നെയാണ് സൂക്ഷിയ്ക്കുന്നത് . ഇത് ഏറെ അഭിനനദ്നാർഹാമായമായ ഒരു കാര്യമാണ്.
  - തൊഴിൽ കാർഡുകളിൽ തൊഴിലാളികളുടെ ഹാജർ വിവരങ്ങൾ ,മസ്റ്റർ റോൾ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
  - കൂലി ലഭിക്കുന്ന ബാങ്ക് അക്കൌണ്ടിന്റെ പാസ്ബുക്ക് കൃത്യമായി രേഖപ്പെടുത്താത്തതിനാൽ തൊഴിലാളികൾക്ക് ലഭിച്ച വേതനത്തിന്റെ കൃത്യമായ കണക്കുകളും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.. വേതനം ലഭ്യമാകുന്ന ബാങ്കുകളിലെ അക്കൌണ്ടിലെ തുക അറിയുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥൻമാറിൽ നിന്നും മോശം സമീപനമാണെന്ന് ഉണ്ടാവാറുള്ളത് എന്ന് തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞു. മസ്റ്റർറോൾ മൂവ്മെന്റ്, പ്രവർത്തിയുടെ നടത്തിപ്പ്.
  - എന്നാൽ വ്യക്തിഗത ഗുണഭോക്താക്കളുടെ തൊഴിൽ കാർഡ് പരിശോധനയിൽ നിന്നും മനസ്സിലായത് വീടുകളിൽ പ്രവർത്തി ചെയ്യുന്നതിന് തൊഴിൽ കാർഡ് നിർബന്ധമാണ് എന്ന നിബന്ധന ഉള്ളതിനാൽ മാത്രമാണ് ഇവർ തൊഴിൽ കാർഡ് എടുക്കുന്നത് എന്നാണ്.പ്രവർത്തിയിൽ ഇവർ പങ്കാളികലാകുന്നില്ല.

- പുതിയ തൊഴിൽ കാർഡ് എടുക്കുന്നതിലേയ്ക്കുള്ള ഫോട്ടോയ്ക്ക് ആവശ്യമായ ചെലവ് സ്വന്തം കയ്യിൽ നിന്നുമാണ് തൊഴിലാളികൾ എടുത്തിരിയ്ക്കുന്നത്.ഇത്തരത്തിൽ ഒരു തൊഴിലാളിയ്ക്ക് നൂറു രൂപയോളം ചെലവ് വന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.തൊഴിൽ സംബന്ധിച്ചുള്ള യാതൊരു ചെലവുകൾക്ക് തൊഴിലാളികൾ കാശു മുടക്കേണ്ടതില്ലെന്നു തൊഴിലുറപ്പ് നിയമം അനുശാസിയ്ക്കുന്നുണ്ട്.

❖ പ്രവൃത്തികളുടെതെരഞ്ഞെടുപ്പ്നടപ്പിലാക്കൽസംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

- വാർഡിൽ 12 സജീവ തൊഴിലാളികളാണ് നിലവിൽ ഉള്ളത് അതിനാൽ തന്നെ കൂടുതൽ തൊഴിലാളികൾ ആവശ്യമുള്ള പ്രവർത്തികളിൽ അയൽ വാർഡുകളിലെ തൊഴിലാളികളും പങ്കെടുക്കാറുണ്ട് എന്നാണ് അറിയാൻ സാധിച്ചത്.
- തൊഴിൽ ലഭിയ്ക്കാൻ കാല താമസം ഉണ്ടാവാറില്ലെന്നും അപേക്ഷിച്ചു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭ്യമാവാറുണ്ട് എന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു.
- ഓരോ പുതിയ പ്രവൃത്തി ആരംഭിയ്ക്കുംമ്പോഴും ആ ദിവസം രാവിലെ വി എം സി അംഗങ്ങളുടെ നേതൃത്വത്തിൽപദ്ധതി ആരംഭ മീറ്റിംഗ് നടത്താറുണ്ട് എന്നും പ്രദേശത്തിനു ആവശ്യമായ പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിൽ തൊഴിലാളി പ്രാതിനിധ്യം ഉണ്ടാവാറുണ്ടെന്നും അറിയാൻ കഴിഞ്ഞു.ഇത് മാതൃകാപരമായ ഒരു കാര്യമാണ്.
- പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ പണിയായുധങ്ങളും തൊഴിലാളികൾ കൊണ്ട് വരുന്ന പണിയായുധങ്ങളുംപ്രവൃത്തി സ്ഥലത്ത് ഉപയോഗിയ്ക്കുന്നുണ്ട്.തൊഴിലാളികൾ കൊണ്ട് വരുന്ന ആയുധങ്ങൾക്ക് 5 രൂപ നിരക്കിൽ അവർക്ക് ആയുധം മൂർച്ച കൂട്ടുന്നതിനുള്ള വാടക ലഭിയ്ക്കുന്നുണ്ടെന്നും മനസ്സിലാക്കാൻ സാധിച്ചു.
- വാർഡിലെ ഓഡിറ്റിംഗ് പ്രക്രിയയ്ക്ക് വിധേയമാക്കിയ പ്രവർത്തികളിൽ അധികവും വ്യക്തിഗത ഗുണഭോക്താക്കൾക്കളുടെ വീടുകളിൽനടപ്പിലാക്കുന്നപ്രവർത്തികൾആണ്.കോഴിക്കൂട്,തൊഴുത്ത്,കിണർറീചാർജിംഗ് ,എന്നീ പ്രവർത്തികൾ മാതൃകാപരവും ഗുണമേന്മ ഉള്ളതുമായ പ്രവർത്തികളാണ്.
- വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ

ദുർബല വിഭാഗങ്ങൾക്ക് ഉയർന്ന പരിഗണന നൽകിയതായി കാണാൻ കഴിയുന്നുണ്ട്. ഇതും നല്ല പ്രവണതയാണ്.

❖ പദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച സ്ഥല പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞ കാര്യങ്ങൾ.

- വ്യക്തിഗത ഗുണഭോക്താക്കൾ വരുന്ന പ്രവൃത്തികൾക്ക് (തൊഴുത്ത് നിർമ്മാണം,കോഴിക്കൂട് നിർമ്മാണം,കിണർ റീച്ചാർജിംഗ് ) പൊതുവേ ഉയർന്ന ഗുണനിലവാരം കാണാൻ കഴിഞ്ഞു. മാത്രമല്ല ഗുണഭോക്തൃവിഹിതം കൂടി ചെലവഴിച്ച് ഇത്തരം ആസ്തികൾ മെച്ചപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്.
- മൃഗ സംരക്ഷണ വകുപ്പും തൊഴിലുറപ്പ് വിഭാഗവും സംയുക്തമായി ചേർന്നു നിർമ്മിചിരിയ്ക്കുന്ന ലത (11/186 )എന്ന വ്യക്തിയുടെ വീട്ടിൽ നിർമ്മിച്ചിട്ടുള്ള കോഴിക്കൂട് വളരെ ഉപയോഗ പ്രദവും മാതൃകാ പരവുമായൊരു പ്രവർത്തിയാണ് ഇവിടെ 50 ഓളം കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നുണ്ട്.
- കിണർ റീച്ചാർജിംഗ് പ്രവർത്തി സ്ഥല പരിശോധന സമയത്ത് പ്രകൃതി സൌഹാർദപരവും ജല ക്ഷാമം വളരെയധികം അനുഭവപ്പെടുത്ത ഈ പ്രദേശത്തിനു അനുയോജ്യമായൊരു പ്രവർത്തിയാണ് ഇത് എന്നും ഗുണഭോക്താവ് ശ്രീ.ഇബ്രാഹിം(11/220) അഭിപ്രായപ്പെടുകയുണ്ടായി. പ്രവർത്തി സ്ഥലത്ത് സി ഐ ബി സ്ഥാപിച്ചിട്ടില്ല.
- ഭവന നിർമ്മാണം –രാധ ,കാലടിത്തറ (11/109)എന്നാ പ്രവർത്തിയിൽ നാലു ഘട്ടങ്ങൾ പൂര്ത്തീകരിച്ചതയും ഗുണഭോക്താവിനു എംബുക്ക് പ്രകാരമുള്ള മുഴുവൻ തുകയും ലഭിച്ചതായും അറിയാൻ സാധിച്ചു.
- ലൈഫ് ഭവന നിർമ്മാണം-വസന്ത കാലടിത്തറ (11/216)എന്ന പ്രവർത്തിയിൽ നാലു ഘട്ടങ്ങളുടെ വരെ പണി പൂർത്തീകരിച്ചതായും എം ബുക്ക് പ്രകാരമുള്ള മുഴുവൻ തുകയും ലഭിച്ചതായും പ്രവൃത്തി സ്ഥല പരിശോധനയിൽ മനസ്സിലാക്കുവാൻ സാധിച്ചു.എന്നാൽ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം വിവിധ ഘട്ടങ്ങളിലായി ലഭിയ്ക്കണ്ടിയിരുന്ന 16802 രൂപ ഗുണഭോക്താവിനു (രവി) ലഭിച്ചിട്ടില്ല എന്നാണ് അറിയാൻ സാധിച്ചത്.
- ഹസീന എന്ന വ്യക്തിയുടെ വീട്ടിൽ നിർമ്മിച്ചിട്ടുള്ള കോഴിക്കൂട് നിർമ്മാണം എന്ന പ്രവർത്തി ഫീൽഡ് പരിശോധന സമയത്ത് ഈ വ്യക്തിയുടെ വീട്ടിൽ അല്ല നിർമ്മിചിരിയ്ക്കുന്നത്. അതെ സമയം പന്ത്രണ്ടാം വാർഡിലെ കോമളം (12/144) എന്ന വ്യക്തിയുടെ വീട്ടിലാണ് നിർമ്മിചിരിയ്ക്കുന്നത് എന്ന് കണ്ടെത്തി.എന്നാൽ തൊഴിലുറപ്പ് ഓഫീസിൽ സൂക്ഷിചിരിയ്ക്കുന്ന പ്രവർത്തിയുടെ വർക്ക് ഫയലിൽ ഈ പ്രവർത്തി പതിനൊന്നാം വാർഡിലെ ഹസീന എന്നാ വ്യക്തിയുടെ വീട്ടിലാണ് ചെയ്തിട്ടുള്ളത് എന്നാണ് രേഖപ്പെടുതിയിരിയ്ക്കുന്നത്.മാസ്റ്റർ റോള് ,എസ്റ്റിമെറ്റ്,എം ബുക്ക്

എന്നിവയിലെല്ലാം തന്നെ ഹസീന എന്ന വ്യക്തിയുടെ പേര് ആണ് രേഖപ്പെടുതിയിരിയ്ക്കുന്നത്.ഇത് ശരിയായിട്ടുള്ള ഒരു പ്രവണത അല്ല.ആക്ഷൻ പ്ലാൻ പ്രകാരം അംഗീകരിയ്ക്കുന്ന പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കാൻ സാധിയ്ക്കുകയുള്ളൂ.

- ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം, (IF/350841)പ്രവർത്തി നടന്നിട്ടുള്ള വീടുകളിലെ ഗുണഭോക്താക്കളെല്ലാം തൊഴിൽ കാർഡ് ഉള്ളവരും ബി പി എൽ കാർഡ് ഉടമകളുമാണ്.പ്രവൃത്തിയുടെ പേര് സൂചിപ്പിയ്ക്കുന്നത് പ്രകാരം എപിഎൽ വീടുകളിൽ നടക്കേണ്ട പ്രവൃത്തിയാണിത് എന്നാൽ ഈ കാലയളവിൽ എ പി എൽ പ്രവൃത്തികൾ നടന്നിട്ടില്ല എന്നാണ് തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും മനസ്സിലാകാൻ സാധിച്ചതു. എസ്റ്റിമെറ്റ് പ്രകാരം 600 മഴക്കുഴികളും 500 വേസ്റ്റ് /പച്ചക്കറി കുഴികളും150മന്തിട്ടകളുംഉള്ളപ്രവർത്തിയിൽ വേലായുധൻ(11/28) എന്ന വ്യക്തിയുടെ വീട്ടിൽ മാത്രമാണ് 11 മൺ തിട്ട നിർമ്മാണ പ്രവർത്തി കാണുവാൻ സാധിച്ചത്.16 ഗുണഭോക്താക്കളുടെ വീടുകളിൽ പരിശോധന നടത്തിയതിൽ നിന്നും 98 മഴക്കുഴികൾ14 .വേസ്റ്റ് കുഴികൾ എന്നിവ മാത്രമാണ് എണ്ണിതിട്ടപ്പെടുത്താനായി സാധിച്ചത്.പല കുഴികളും വാഴ,ചേന മറ്റു പച്ചക്കറികൾ എന്നിവ വച്ചതായും,മഴയത്ത് മണ്ണ് വീണു തൂർന്നു പോയതായും,കാട് പിടിച്ചും ഉള്ള അവസ്ഥയിലായതിനാൽ എണ്ണി തിട്ടപ്പെടുത്താനും അളവുകൾ രേഖപ്പെടുത്താനും.വളരെയധികം ബുദ്ധിമുട്ടുകൾ നേരിട്ടു. മാത്രമല്ല ഈ പ്രവർത്തനങ്ങൾ എല്ലാം തന്നെ വീട്ടുകാരുടെ ആവശ്യ പ്രകാരം ആണ് പ്രവർത്തി ചെയ്തിരിയ്ക്കുന്നത്. ആയതിനാൽ തന്നെ അളവുകൾ എം ബൂക്കിലെ അളവുകളിൽ നിന്നും വ്യത്യസ്തത പുലർത്തുന്നത് ശ്രദ്ധയിൽപ്പെട്ടു.ഇത് തൊഴിലാളികളുടെ ജോലി ഭാരം കൂട്ടുന്നതിന് കാരണമാകുന്നു.
- ഓഫീസിലെ പ്രസ്തുത പ്രവൃത്തിയുടെ വർക്ക് ഫയൽ പരിശോധിച്ചപ്പോൾ വ്യക്തിഗത ഗുണഭോക്താക്കളെ തിരിച്ചറിയാനുള്ള യാതൊരുവിധ രേഖകളും കാണാനും കഴിഞ്ഞില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളല്ല നടന്നിരിക്കുന്നത് എന്നതിനാൽ പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കാനും കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്..
- ഇത്തരത്തിൽസ്വകാര്യവ്യക്തികളുടെ ഭുമിയിൽ പ്രവർത്തികൾ നടക്കുമ്പോൾ ഉടമസ്ഥരും കൂടി പണിക്കിറങ്ങണം എന്ന് നിയമമുണ്ടെങ്കിലും പലയിടത്തും ഇത് സംഭവിക്കുന്നില്ല.

❖ പ്രവർത്തികളുടെ ഗുണമേന്മ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

എസ്റ്റിമേറ്റിൽ പറയും പ്രകാരമല്ല പല പ്രവർത്തികളും നടന്നിട്ടുള്ളത്.ചെറുകിടകിട കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം (IF/350841) പ്രവർത്തിയിൽ ഭുവുടമയുടെ ആവശ്യപ്രകാരം ആവശ്യമായ പ്രവർത്തികൾ ചെയ്തു കൊടുക്കുന്ന രീതിയാണ് നടന്നിരിയ്ക്കുന്നത്.അതിനാൽ പ്രവർത്തികൾക്ക് ഉയർന്ന ഗുണനിലവാരം കാണാൻ കഴിയുന്നുണ്ട്.ഇതിനു വേണ്ടി തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നതും കാണാൻ കഴിഞ്ഞു.എസ്റ്റിമേറ്റിൽ പറയും പ്രകാരം ഉറപ്പുള്ള മണ്ണ് കുഴിച്ചെടുക്കുന്ന പ്രവർത്തിക്ക് പകരം കട്ടിയുള്ള വെട്ട് കല്ല് കുത്തിപ്പൊട്ടിച്ച് കുഴിയുണ്ടാക്കുന്ന തൊഴിലാളികളെയാണ് കാണാൻ കഴിഞ്ഞത്.

❖ മെറ്റീരിയൽ വർക്ക് സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

എല്ലാ വർക്കുകളിലും സാധന ഖടകം എസ്റ്റിമേറ്റ് പ്രകാരം ഉണ്ട്.എന്നാൽ പ്രോക്യുർമെന്റ് കമ്മറ്റികളെ ഒരു ഫയലിൽ പോലും കാണാൻ കഴിഞ്ഞില്ല.സാധന ഘടകങ്ങൾക്കു കോട്ടെഷന് വിളിച്ചതിന്റെയും ടെണ്ടർ അനുവദിച്ചു കൊണ്ടുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന്റെ രേഖകൾ എന്നിവ വർക്ക് ഫയലിൽ കാണുവാൻ സാധിച്ചില്ല.

❖ സംയോജിത പദ്ധതികൾ സംബന്ധിച്ച നിരീക്ഷണങ്ങൾ


രേഖകൾ പ്രകാരം സംയോജിത പദ്ധതികൾ സോഷ്യൽ ഓഡിറ്റ് കാലയളവിൽ വിരളമായേ കാണുകയുണ്ടായിട്ടുള്ളു. എന്നാൽ പ്രായോഗിക തലത്തിൽ പല പദ്ധതികളും സംയോജിത സ്വഭാവമുള്ളതാണ്. തൊഴുത്ത് നിർമ്മാണം വ്യക്തിഗത കിണർ റീചാർഗിംഗ്,കോഴിക്കൂട് നിർമ്മാണങ്ങളും ഗുണഭോക്തൃവിഹിതം അടക്കം ചെലവഴിച്ച് ഉയർന്ന ഗുണനിലവാരത്തിൽ ആണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് പ്രായോഗികതലത്തിൽ സംയോജിത പദ്ധതികളായി തന്നെ പരിഗണിക്കാവുന്നതാണ് എന്നാൽ ഫയലുകൾ പ്രകാരം അത്തരത്തിലല്ല കാണുന്നത്.

❖ പുതിയ പ്രവർത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ അഭിപ്രായങ്ങൾ/നിരീക്ഷണങ്ങൾ

പല പ്രദേശങ്ങളിലും ജലക്ഷാമം വളരെ രൂക്ഷമായി അനുഭവപ്പെടുന്ന ഒരു വാർഡ് ആണ് കാലടിത്തറ.കിണറുകളുടെ നിർമ്മാണം,കിണർ റീചാർജിംഗ്,കുളങ്ങളുടെ നിർമ്മാണം,പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ എന്നീ പ്രവർത്തികൾ നടപ്പിലാക്കുന്നത് വഴി ജലക്ഷാമം ഒരു പരിധി വരെ കുറയ്ക്കാവുന്നതാണ്.,ജൈവ വേലി നിർമ്മാണം,കളിസ്ഥല നിർമ്മാണം ,പൊതു ആസ്തികളുടെ നിർമ്മാണ പ്രവൃത്തികൾ എന്നീ പ്രവർത്തികളും ഇവടെ നടപ്പിലാക്കവുന്നതാണ്.

# അനുബന്ധം

സംയോജിത പദ്ധതിയുമായി സംബന്ധിച്ച രേഖ



6

761 1f | 362916

## സാക്ഷ്യപത്രം

വട്ടംകുളം ഗ്രാമപഞ്ചായത്തിൽ 11-ാം വാർഡിൽ താമസിക്കുന്ന വീട്ടിൽ ~~s/o~~ D/o W/o എന്നവർക്ക് 2018-19 വർഷത്തിൽ ഭവന നിർമ്മാണത്തിന് ധനസഹായം ൽ നിന്നും വരെ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവർത്തി പൂർത്തിയായിട്ടുണ്ടെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ജോബ് കാർഡ് നമ്പർ: 11/216

മൊബൈല് നമ്പര് : 95620 73145

വിശ്വസ്തതയോടെ

AJESH. C. P.

VILLAGE EXTENSION OFFICER

VATTAMKULAM

സ്ഥലം വട്ടംകുളം

തിയ്യതി /9/18

Attendence Taken by (Signature)


പ്രവൃത്തി സ്ഥലത്ത് ആവശ്യമായ  സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയുള്ള തൊഴിലാളികളുടെ അപേക്ഷ

സർ,

വടംകുളം ഗ്രാമപഞ്ചായത്തിലെ 11ാം വാർഡ് കാലടിത്തറയിലെ തൊഴിലുറപ്പ് തൊഴിലാളികളായ ഞങ്ങൾക്ക് പ്രവൃത്തി സ്ഥലത്ത് പ്രഥമ ശുശ്രൂഷ കിറ്റ്, (അത്യാവശ്യത്തിനുള്ള മരുന്നുകൾ), തണൽ സൗകര്യം, പ്രവൃത്തി സ്ഥലത്ത് പണിയെടുക്കാനാവശ്യമായ Safety ഉപകരണങ്ങൾ (ബൂട്ട്സ്, ഗ്ലൗസ്) എന്നിവയൊന്നും തന്നെ ഇല്ലാത്ത അവസ്ഥയാണ്. മഴക്കാലത്ത് നനഞ്ഞ മണ്ണിലും ചെളിയിലും പണിയെടുക്കുന്നതിനാൽ കാലിൽ വ്രണങ്ങളുണ്ടായി മുറിവുകൾ ഉണ്ടായി ചൊറിച്ചിൽ മറ്റുള്ള ആരോഗ്യ പ്രശ്നങ്ങൾ അനുഭവപ്പെടുന്ന അവസ്ഥയാണ്. വേനൽക്കാലത്ത് തണൽ സൗകര്യവും ലഭ്യമായിരുന്നില്ല. അതിനാൽ പ്രവൃത്തി സ്ഥലത്ത് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

1, പൊന്മിനി. ടക.
2, പ്രഭാകരൻ
3. കിട്ടിയമ്മ.
4. നിമി
5 ബിന്ദു –
6 അജിത –
7. വസന്തകുമാരി
8, മാളു -
9- ജാനകി -
10 + ഷീല -
11 ലക്ഷ്മി -
12-

6/07/2019




സർക്കാർ ഉപകരണങ്ങൾ ഇല്ലാതെ ചെളിയിലും മണ്ണിലും പണിയെടുക്കുന്നതിനാൽ പല തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളും മൂലം ബുദ്ധിമുട്ടുന്ന അവസ്ഥയിലാണ്.

ബിന്ദു
വസന്തകുമാരി
രാജു -
അജിത -

6/7/2019

തൊഴിൽ കാർഡിലേയ്ക്ക് ആവശ്യമായ ഫോട്ടോയ്ക്ക്  തൊഴിലാളികൾക്ക് ചെലവ് വഹിയേ്ക്കണ്ടി വന്നത് സംബന്ധിച്ച വിവരങ്ങൾ



6/7/2019

പുതിയ തൊഴിൽ കാർഡ് എടുക്കുന്നതിന്റെ ഭാഗമായി ഫോട്ടോയ ഇതിലേയ്ക്ക് ആവശ്യമായ ഫോട്ടോയ്ക്ക് 100 രൂപ വീതം ചിലവ് വന്നിട്ടുണ്ട്.

ബിന്ദു
വസന്തകുമാരി
രാജു -
അജിത -
പ്രഭാകരൻ -
പങ്കജിനി -
കീർത്തന
നിമി.
ലക്ഷ്മി.
ഷീല
ജാനകി

16/7/2019 ചൊവ്വാഴ്ച കാലടിത്തറ വാർഡിലെ പിലാക്കൽ മദ്രസ്സ ഹാളിൽ വച്ചു ഉച്ചയ്ക്ക് 1.40നു ഗ്രാമസഭ ചേരുകയും സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർതിന്റെ അവതരണവും ചർച്ചയും നടന്നു..സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തുടർന്നുള്ള ചർച്ചയുടെ അടിസ്ഥാനത്തിലും ഗ്രാമസഭ അംഗീകരിച്ച പ്രധാന തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ തീരുമാനങ്ങൾ**

- പ്രവൃത്തി സ്ഥലത്തേയ്ക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങളായ തണൽ ഒരുക്കുന്നതിനുള്ള ടാർപോളിൻ ഷീറ്റ്,പ്രഥമ ശുശ്രൂഷ കിറ്റ്,സുരക്ഷാ ഉപകരണങ്ങൾ എന്നിവ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് താൽക്കാലികമായി വാങ്ങി നൽകും.
- പ്രവൃത്തികളുടെ ഫയലുകളിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ ,ചെയ്ത പ്രവൃത്തിയുടെ അളവുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിയ്ക്കും.
- പ്രവൃത്തിയുടെ സുതാര്യത ഉറപ്പു വരുത്തുന്നതിന് വേണ്ടിയുള്ള ജനകീയ എസ്റ്റിമേറ്റ് പ്രവൃത്തിയുടെ ഫയലുകളിലും പ്രവൃത്തി സ്ഥലത്തും സൂക്ഷിയ്ക്കും.
- പുതിയ വിജിലൻസ് ആന്റ് മോണിട്ടറിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കും.
- ആക്ഷൻ പ്ലാനിൽ അംഗീകരിച്ച പ്രവൃത്തികൾ മാത്രമാണ് ചെയ്യുകയുള്ളു.

## ഓഡിറ്റ് ടീം

1.അഞ്ജു പി.എസ്(പൊന്നാനി,ബ്ലോക്ക് റിസോഴ്സ് പേഴ്സൺ )